**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 416** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. വിൻസെന്റ്

ശ്രീമതി കെ. കെ. രമ

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. വി. ടി. സൂരജ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** **<u>കയർ മേഖല</u>**

1. കേരളത്തിലെ കയർ വ്യവസായത്തെ സംബന്ധിച്ച പ്രധാന പ്രതിസന്ധി ഗുണമേന്മയുള്ള ചകിരിനാരിന്റെ ലഭ്യതക്കുറവും കയർ സംഘങ്ങൾക്ക് ഉൽപ്പന്നങ്ങളുടെ വില സമയ ബന്ധിതമായി നൽകാൻ സാധിക്കാത്തതുമാണ്. ഗുണമേന്മയുള്ള ചകിരി, സംഘങ്ങൾക്ക് നൽകുന്നതിനായി 5 കോടി രൂപയുള്ള ഫൈബർ ബാങ്ക് പദ്ധതി ആവിഷ്കരിച്ച് പ്രസ്തുത പദ്ധതിയിലൂടെ 20,000 ക്വിന്റൽ ചകിരി കയർഫെഡിന്റെ സഹകരണത്തോടെ ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിനുള്ള അംഗീകാരവും നൽകിയിട്ടുണ്ട്. ടി പദ്ധതി തുടർന്നും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2. കയർ സംഘങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ വില സമയ ബന്ധിതമായി നൽകുന്നതിന് നടപ്പിലാക്കിയിട്ടുള്ള 10 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട് പദ്ധതി ഇനിയുള്ള വർഷങ്ങളിലും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

3. സംഘങ്ങളിൽ സ്ഥാപിച്ച 465 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ അറ്റകുറ്റപ്പണികളും സാങ്കേതികമായ പരിഷ്കരണങ്ങളും കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി വഴി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 4.07 കോടി രൂപയും ഡിഫൈബറിങ് യൂണിറ്റുകൾക്കായി 26 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുവഴി ചകിരിയുടെ ഉൽപാദനവും തൊഴിൽദിനങ്ങളും വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്.

4, ഈ മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഡീഫൈബറിംഗ് മെഷീൻ എന്നിവയിൽ ജോലി ചെയ്യുന്ന കയർ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ക്യാഷ് ലെസ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി യിട്ടുണ്ട്.

5. നൂതനമായ ഡിസൈനുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് National Institute of Design, Bhopal-മായി ചേർന്ന് 465 പേർക്ക് ദിവസം 600 രൂപ സ്റ്റൈപ്പന്റോടുകൂടി 3 മാസത്തെ പരിശീലനം നൽകുകയും ഇത്തരത്തിൽ പരിശീലനം ലഭിച്ച തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു Society

രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവർക്കുവേണ്ടി ഒരു കോമൺ ഫെസിലിറ്റി സെന്റർ രൂപീകരിക്കാൻ 99.5 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**കശുവണ്ടി മേഖല**

തോട്ടണ്ടിയുടെ ദൗർലഭ്യതയും അസംസ്കൃത വസ്തുക്കളുടെ വർദ്ധിച്ച വിലയും കശുവണ്ടി മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ പൊതുമേഖലയിലും സ്വകാര്യമേഖലയിലും_ഉള്ള സംസ്കരണ ശാലകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ അസംസ്കൃത വസ്തുവായ തോട്ടണ്ടി കേരള കാഷ്യൂബോർഡ് മുഖാന്തിരം ആഭ്യന്തരമായോ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തോ ന്യായമായ വിലയ്ക്ക് ലഭ്യമാക്കി ടി മേഖലയിൽ പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്വകാര്യ കശുവണ്ടി യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- കശുവണ്ടി വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും സഹായകമായ "Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood" പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്നുണ്ട്.
- കൂടാതെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി "Revival, Rejuvenation and Resurrection of Private Cashew Industry Sector" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി നിലവിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കു ന്നതിനും തൊഴിൽ നിലനിർത്തു ന്നതിനും സഹായിക്കുന്ന Continued Operation Linked Stimulus Programme, സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള Women Friendly Physical Infrastructure Creation/Upgradation, ഷെല്ലിങ് യൂണിറ്റുകളുടെ നവീകരണ ത്തിനുള്ള Modernization/ Upgradation of Shelling Units എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്.

2026-ൽ ഇതുവരെ 53 ദിവസം തൊഴിൽ നൽകാൻ കശുവണ്ടി വികസന കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്. കശുവണ്ടി പരിപ്പിനും മൂല്യവർധിത ഉൽപ്പന്നങ്ങൾക്കും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി കോർപ്പറേഷൻ 18 ഔട്ട്‌ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വെബ്സൈറ്റ്, കെ-ഷോപ്പി, ആമസോൺ, ONDC, ഡിസ്ട്രിബ്യൂട്ടർമാർ, ഫ്രാഞ്ചൈസികൾ, മൊബൈൽ സെയിൽസ്, കൺസ്യൂമർഫെഡ്, സപ്ലൈകോ, റെയ്ഡ്കോ, അഗ്രോ ഇൻഡസ്ട്രീസ് തുടങ്ങിയ സംവിധാനങ്ങൾ വഴി വിപണനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ-സ്റ്റോറുകൾ മുഖേനയും സ്റ്റാർട്ടപ്പുകളുടെ സഹകരണ ത്തോടെയും വിപണന സാധ്യതകൾ വികസിപ്പിച്ച് കശുവണ്ടി, കശുമാങ്ങ എന്നിവയിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും വർധിപ്പിക്കുന്നതിനുള്ള നടപടികളും ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും KSCDC, CAPEX എന്നിവർ മുഖേന സ്വീകരിച്ചു വരുന്നു.

**കൈത്തറി/ഖാദി മേഖല**

പരമ്പരാഗത വ്യവസായമായ കൈത്തറി മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കും ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് സർക്കാർ ഓഹരിപങ്കാളിത്തം, നെയ്ത്തുകാർക്ക് ഗുണമേൻമയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി, ഗുണമേൻമയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണിവായ്പ, യുവവീവ് പദ്ധതി, നെയ്ത്തുകാർക്കും മറ്റ്

തൊഴിലാളികൾക്കും പ്രചോദന പരിപാടി, കൈത്തറി ഗ്രാമത്തിന്റേയും സമഗ്ര കൈത്തറി ഗ്രാമത്തിന്റേയും സ്ഥാപനം, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും, പരിശീലന വൈദഗ്ധ്യ വികസന പരിപാടി, നാട്ടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കൽ, കാഞ്ഞിരോട് കൈത്തറി ഗ്രാമം/ ഹാൻഡ്ലൂം വില്ലേജ്, നാഷണൽ കൈത്തറി വികസന പദ്ധതി, കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി, പ്രീമിയം ഉൽപ്പന്ന ങ്ങൾക്കുള്ള ഉൽപ്പന്ന വികസന സഹായം, ഹാന്റക്സ് പുനരുജ്ജീവന പാക്കേജ്, സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി.

പരമ്പരാഗത വ്യവസായമായ ഖാദി മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ സ്ലൈവറിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിക്കുകയും പുതിയ കോമ്പർ മെഷീൻ വാങ്ങി പ്രവർത്തിപ്പിക്കു കയുംവഴി സ്ലൈവർ ക്ഷാമം പരിഹരിക്കുന്നതിനും ഗുണനിലവാരമുള്ള സ്ലൈവർ ഉല്പാദിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഖാദി നൂല്പ്-നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ കെ.എസ്.സി.എം.എം.സി. നവീകരിച്ച നൽകിയ ഡ്യൂവൽ ഡ്രിവൺ സംവിധാനമുള്ള ചർക്കകൾ ഇടുക്കി പ്രോജക്ടിൽ പ്രവർത്തിപ്പിച്ചു വരുന്നു. ഖാദി തുണികളിൽ ഡിസൈനുകൾ എളുപ്പത്തിൽ തയ്യാറാക്കാൻ സഹായിക്കുന്ന ഹാൻഡ്ലൂം ഇലക്ട്രോണിക് ജക്കാർഡ് മെഷീൻ ഖാദി മേഖലയിൽ ആദ്യമായി പാപ്പിനിശ്ശേരി ഖാദി കേന്ദ്രത്തിൽ പ്രവർത്തനം തുടങ്ങി. ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജം ഉപയോഗിച്ച് യന്ത്രവത്ക്കരണത്തിന്റെ സാധ്യതകൾ പരിശോധിച്ചു വരുന്നു. തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ചർക്കകളിൽ നവീകരണം നടത്തുന്നതിനായി ഐ.ഐ.റ്റി. ചെന്നൈയുടെ കീഴിൽ Rutag-മായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഖാദി സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഖാദി നിർമ്മാണ യൂണിറ്റുകളിലെ കാലപ്പഴക്കംചെന്ന കെട്ടിടങ്ങളുടെ നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ചർക്ക, തറി സ്പെയർ പാർട്സ് വാങ്ങൽ എന്നിവക്കായി ത്രിതല പഞ്ചായത്തിൽ നിന്നും, എം.എൽ.എ. ഫണ്ടിൽ നിന്നുമുള്ള തുക ഉപയോഗിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**(ബി)** ഈ മേഖലയിലെ തൊഴിലാളികൾക്ക് കൃത്യമായി വേതനവും ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** **കയർ** തൊഴിലാളികളുടെ കുറഞ്ഞകൂലി 350/- രൂപയിൽ നിന്നും 400/-രൂപയാക്കി ഉയർത്തി ഉത്തരവായിട്ടുള്ളതാണ്. ഇപ്രകാരം വർദ്ധിപ്പിച്ച നൽകിയ കൂലിയിൽ 25/-രൂപ അതാത് സംഘവും 25/-രൂപ സർക്കാരിൽ നിന്നും യഥാക്രമം അനുവദിക്കുന്നു. കൂടാതെ തൊഴിൽ വകുപ്പ് വഴിയുള്ള Income support Scheme പ്രകാരമുള്ള ആനുകൂല്യങ്ങളും ഈ മേഖലയിലെ തൊഴിലാളികൾക്ക് ലഭ്യമാക്കി വരുന്നു. കയർ സംഘങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ വില സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിയും സംഘങ്ങൾക്ക് തുടർച്ചയായി ചകിരി ലഭ്യമാക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള ഫൈബർ ബാങ്ക് പദ്ധതിയും കയർ തൊഴിലാളികൾക്ക് കൃത്യമായി വേതനവും ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഭാഗമാണ്.

**കേരള കാഷ്യൂ ബോർഡ്** വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളായ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകിയത് വഴി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. കാപ്പക്സിന്റെ കീഴിലുള്ള പത്തു ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഫാക്ടറിയിലെ തൊഴിലാളികൾക്ക് വേതനവും, മറ്റ് ആനുകൂല്യങ്ങളും കൃത്യമായി നൽകി വരുന്നുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും കൃത്യമായി വേതനവും മറ്റ് ആനുകൂല്യങ്ങളും ഉറപ്പാക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സ്വകാര്യ കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണവും തൊഴിലവസര വർദ്ധനവും ഉറപ്പാക്കുന്നതിനായി Continued Operation Linked Stimulus Programme പ്രകാരം തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങൾ, ഇ.പി.എഫ്./ഇ.എസ്.ഐ. വിഹിതം എന്നിവ പരിഗണിച്ച് പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുന്നതിലൂടെ നിലവിലുള്ള തൊഴിലവസരങ്ങൾ നിലനിർത്തു ന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകരമാകുന്നതാണ്.

കശുവണ്ടി തൊഴിലാളികളുടെ മിനിമം വേജസ്സ് പുതുക്കി 23% കൂലി വർദ്ധനവ് നടപ്പാക്കിയതോടെ **കശുവണ്ടി വികസന കോർപ്പറേഷനിലും** ഇപ്രകാരമുള്ള കൂലി വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

**ഖാദി മേഖല**യിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി കുറവായതിനാൽ ടി തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമിൽ സർക്കാർ ഖാദി മേഖലയെ ഉൾപ്പെടുത്തി തുക അനുവദിച്ചു നൽകുന്നുണ്ട്. ഇതിനുപുറമേ തൊഴിലാളികൾക്ക് ഇൻസന്റീവ്, ഉൽസവബത്ത, ESI ആനുകൂല്യങ്ങൾ, ഹോളിഡേ വേജസ്സ്, സറണ്ടർ വേജസ്, ക്ഷേമനിധി ആനുകൂല്യങ്ങൾ തുടങ്ങിയവ നൽകി വരുന്നു.

സൗജന്യ **കൈത്തറി** സ്കൂൾ യൂണിഫാം പദ്ധതിയിലൂടെ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കൃത്യമായ വേതനം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**